# മലബാർ ദേവസ്വം ബോർഡ് ഡെപ്യൂട്ടി കമ്മീഷണറുടെ നടപടികൾ

*(സാന്നിദ്ധ്യം: ടി.പി.ദേവി)*

**ഉത്തരവ് നമ്പർ ജെ4-4300/2016/എം.ഡി.ബി   തീയതി : 25.08.2016**

വിഷയം: മലബാർ ദേവസ്വം ബോർഡ് - ക്ഷേത്രജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കും 2016 ലെ ഓണം ഉത്സവബത്ത/ ബോണസ്സ്, അഡ്വാൻസ് എന്നിവ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന: മലബാർ ദേവസ്വം ബോർഡ് യോഗ തീരുമാനം നമ്പർ (61) തീയതി : 25/07/2016.

. . . . . .

മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസർമാർക്കും 2016 ലെ ഓണം ഉത്സവബത്ത/ബോണസ്സ്, അഡ്വാൻസ് എന്നിവ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം 25/07/2016 ലെ മലബാർ ദേവസ്വം ബോർഡ് യോഗം വിശദമായി ചർച്ച ചെയ്യുകയും, ഓണത്തിന് മുമ്പ് കഴിഞ്ഞ വർഷം നൽകിയ അതേ നിരക്കിൽ ഉത്സവ ബത്ത/ ബോണസ്, അഡ്വാൻസ് എന്നിവ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

1. മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിൽ, നിത്യവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർ ഒഴികെയുള്ള എല്ലാ വിഭാഗം ക്ഷേത്രജീവനക്കാർക്കും ക്ഷേത്ര എക്സിക്യൂട്ടീവ് ഓഫീസർമാർക്കും 2016 ലെ ഉത്സവബത്തയായി കുറഞ്ഞത് **₹ 5000/- രൂപയും** (അയ്യായിരം രൂപ മാത്രം) കൂടിയത് **₹6000/- രൂപയും** (ആറായിരം രൂപ മാത്രം) അനുവദിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

2. 31.03.2016 ന് ക്ഷേത്ര സർവ്വീസിൽ ഉണ്ടായിരിക്കുകയും 2015-16 സാമ്പത്തിക വർഷത്തിൽ തുടർച്ചയായി 6 മാസത്തെ സ്ഥിരം സർവ്വീസ് ഉള്ളതുമായ ക്ഷേത്ര ജീവനക്കാർക്കും ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസർമാർക്കും ഉത്സവബത്ത ലഭിക്കുന്നതിനർഹതയുണ്ടായിരിക്കും.

3. 31.03.2016 നോ അതിനു മുമ്പോ ക്ഷേത്ര സർവ്വീസിൽ നിന്ന് പിരിഞ്ഞതും 2015-16 സാമ്പത്തിക വർഷത്തിൽ തുടർച്ചയായി **6** മാസത്തെ സർവ്വീസ് ഉണ്ടായിരുന്നതുമായ ക്ഷേത്രജീവനക്കാർക്കും, ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസർമാർക്കും ഉത്സവബത്ത ലഭിക്കുന്നതിനർഹതയുണ്ടായിരിക്കും.

4. ക്ഷേത്രങ്ങളുടെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് അംഗീകരിക്കപ്പെട്ട ജീവനക്കാർക്ക് പരമാവധി ₹ 10,000/- രൂപ (പതിനായിരം രൂപ മാത്രം) വരെ ഓണം അഡ്വാൻസ് ഇനത്തിൽ ക്ഷേത്രഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ഇത് **എട്ട് തുല്യഗഡുക്കളായി** തൊട്ടടുത്ത മാസത്തെ ശമ്പളം മുതൽ തിരിച്ചുപിടിക്കേണ്ടതാണ്.

5. നിലവിൽ മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽ നിന്നും ശമ്പളക്കുടിശ്ശിക അനുവദിച്ചു വരുന്ന ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ഉത്സവബത്ത ഇനത്തിലെ കുറഞ്ഞ തുക ₹ 5000/- രൂപ **(അയ്യായിരം രൂപ മാത്രം)** മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതാണ്. ഓണം അഡ്വാൻസ് ഇനത്തിലെ തുക മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽ നിന്നും അനുവദിക്കേണ്ടതില്ല.

6. ക്ഷേത്രങ്ങളിൽ നിത്യവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് **₹ 3000/- (മൂവ്വായിരം രൂപ മാത്രം)** ഉത്സവബത്ത ഇനത്തിൽ അനുവദിക്കാവുന്നതാണ്.

7. നിത്യവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്നവർ, താൽക്കാലിക ജീവനക്കാർ എന്നിവർക്ക് മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽ നിന്നും ഉത്സവബത്ത അനുവദിക്കുമ്പോൾ പ്രസ്തുത ജീവനക്കാർ ക്ഷേത്രത്തിൽ താൽക്കാലികമായി ജോലി ചെയ്യുന്നവർ തന്നെയാണെന്ന് ഉറപ്പു നൽകുന്ന സത്യവാങ്മൂലം അതാത് ക്ഷേത്രഭരണാധികാരികളിൽ നിന്നും അസിസ്റ്റന്റ് കമ്മീഷണർമാർ വാങ്ങി സൂക്ഷിക്കേണ്ടതാണ്. ഉത്സവബത്ത കൈപ്പറ്റി എന്നതുകൊണ്ടു മാത്രം താൽക്കാലിക ജീവനക്കാരെ സ്ഥിരം ജീവനക്കാരാക്കി മാറ്റുന്നതോ സ്ഥിരം തസ്തികയിലേക്കുള്ള നിയമനത്തിനുള്ള അധികയോഗ്യതയായി പരിഗണിക്കുന്നതോ താൽക്കാലിക തസ്തിക സ്ഥിരം തസ്തികയാക്കി മാറ്റുന്നതോ അല്ല.

8. മാനേജ്മെന്റ് ഫണ്ടിൽ നിന്നും ഉത്സവബത്ത അനുവദിക്കുന്നതിനായി ലഭിക്കുന്ന ക്ഷേത്രജീവനക്കാരുടെ അപേക്ഷകൾ പരിശോധിച്ച്, ഏത് വിഭാഗത്തിൽപ്പെടുന്നു എന്ന് ഉറപ്പ് വരുത്തി, അർഹമായ തുക തന്നെയാണ് അനുവദിച്ചിരിക്കുന്നതെന്ന് അസിസ്റ്റന്റ് കമ്മീഷണർമാർ ഉറപ്പുവരുത്തേണ്ടതാണ്. അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ അടക്കം ചെയ്തിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

9. അർഹരായ എല്ലാ വിഭാഗം ക്ഷേത്രജീവനക്കാർക്കും ഓണത്തിന് മുമ്പ് 2016 ലെ ഉത്സവബത്ത മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽ നിന്നും വിതരണം ചെയ്യുന്ന തിനാവശ്യമായ നടപടിക്രമങ്ങൾ അസിസ്റ്റന്റ് കമ്മീഷണർമാർ സ്വീകരിക്കേണ്ടതാണ്. എല്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർക്കും ക്ഷേത്രഭരണാധികാരികൾക്കും ഇതിനാവ ശ്യമായ നിർദ്ദേശം അസിസ്റ്റന്റ് കമ്മീഷണർമാർ നൽകേണ്ടതാണ്.

ഡെപ്യൂട്ടി കമ്മീഷണർ(ഭരണം)
(കമ്മീഷണർക്കു വേണ്ടി)

1. സെക്രട്ടറി,
റവന്യൂ (ദേവസ്വം) വകുപ്പ്
ഗവ. സെക്രട്ടറിയേറ്റ്
തിരുവനന്തപുരം
} ഉപരിപത്രം സഹിതം

2. അസിസ്റ്റന്റ് കമ്മീഷണർ
മലബാർ ദേവസ്വം ബോർഡ്,
കാസർഗോഡ് /തലശ്ശേരി/ കോഴിക്കോട്/
മലപ്പുറം/പാലക്കാട്

3. ജോയിന്റ് ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്
എച്ച്.ആർ.ഇ. ഓഡിറ്റ്, പാലക്കാട്

4. സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
മലബാർ ദേവസ്വം ഓഡിറ്റ്,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്.

5. സെക്രട്ടറി,
ക്ഷേമനിധി,
മലബാർ ദേവസ്വം ബോർഡ്,
കോഴിക്കോട്.

6. പ്രസിഡണ്ടിന്റെ പി.എ

7. ഹെഡ് അക്കൗണ്ടന്റ്

8. എച്ച്3- സെക്ഷൻ

9. വെബ്സൈറ്റ്

10. അധികം.